# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2143 04/11/2019-ൽ മറുപടിക്ക്

## കാട്ടാക്കട പനയംകോട് ഹെൽത്ത് സബ് സെന്റർ

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.ബി.സതീഷ്** | | **കെ.കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വനിതാ ശിശു വികസനവും വകുപ്പുമന്ത്രി)** | |
| എ) | കാട്ടാക്കട നിയോജക മണ്ഡലത്തിലെ പനയംകോട് ഒരു പുതിയ ഹെൽത്ത് സബ് സെന്റർ അനുവദിക്കുന്നത് സംബന്ധിച്ച നിലവിലെ അവസ്ഥ വിശദമാക്കാമോ; | എ) & ബി) | 25/05/2012 തീയതിയിലെ പി.17029/59/2012/ എൻ.ആർ.എച്ച്.എം- 4 നമ്പരായുള്ള കേന്ദ്ര സർക്കാരിന്റെ ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന്റെ ഉത്തരവ് പ്രകാരം 31/03/2012 തീയതിയിൽ നിലവിലുള്ള സബ് സെന്ററുകളുടെ എണ്ണത്തിന് മാത്രമായി കേന്ദ്രസഹായം പരിധി ഏർപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തീയതിയിൽ അനുവദിക്കപ്പെട്ട സ്ഥിരം തസ്തികകൾക്ക് മാത്രമാണ് കേന്ദ്ര സഹായം നൽകി വരുന്നത്. 31/03/2012 തീയതിയിൽ നിലവിലുള്ള തസ്തികകൾക്ക് അധികമായി സബ് സെന്ററുകളോ തസ്തികകളോ സാദ്ധ്യമാകണമെങ്കിൽ കേന്ദ്ര സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണെന്ന് ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. കാട്ടാക്കട നിയോജക മണ്ഡലത്തിലെ പനയംകോട് ഒരു പുതിയ ഹെൽത്ത് സബ് സെന്റർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. |
| ബി) | പ്രസ്തുത സബ് സെന്റർ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട തുടർ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ? | | |

സെക്ഷൻ ഓഫീസർ